# മധുരമായ കുട്ടികളെ – ഈ പതിത ഭാരതത്തെ പാവനമാക്കുന്നതിന്റെ സേവനത്തിൽ കഴിയണം, വിഘ്നങ്ങളെ ഇല്ലാതാക്കണം, നിരാശരാകരുത്

**ചോദ്യം:–** ഗൃഹസ്ഥ വ്യവഹാരത്തിൽ കഴിഞ്ഞുകൊണ്ടും ഏതൊരു സ്മൃതി ഉണ്ടായിരിക്കേണ്ടത് വളരെ ആവശ്യമാണ്?
**ഉത്തരം:–** ഗൃഹസ്ഥ വ്യവഹാരത്തിൽ കഴിഞ്ഞു കൊണ്ടും നമ്മൾ ഈശ്വരീയ വിദ്യാർത്ഥികളാണെന്ന സ്മൃതി ഉണ്ടായിരിക്കണം. വിദ്യാർത്ഥിക്ക് പഠിത്തവും പഠിപ്പിക്കുന്ന *ടീച്ചറെയും* സദാ ഓർമ്മയുണ്ടായിരിക്കും. അവർ ഒരിക്കലും അശ്രദ്ധയിൽ തന്റെ സമയം പാഴാക്കില്ല, അവർക്ക് സമയത്തിന് വളരെയധികം മൂല്യമുണ്ടായിരിക്കും.

**ചോദ്യം:–** മനുഷ്യരിലുള്ള ഏറ്റവും വലിയ അജ്ഞാനം ഏതാണ്?
**ഉത്തരം:–** ആരുടെ പൂജയാണോ ചെയ്യുന്നത് അവരെ നാമ രൂപത്തിൽ നിന്ന് വേറിട്ടതെന്ന് പറയുന്നു – ഇത് വലുതിലും വലിയ അജ്ഞാനമാണ്. വിളിക്കുന്നുണ്ട്, ക്ഷേത്രമുണ്ടാക്കി പൂജിക്കുന്നുണ്ട്, എങ്കിൽ ആ ആളെങ്ങനെ നാമരൂപത്തിൽ നിന്ന് വേറിട്ടതാകും. നിങ്ങൾക്ക് എല്ലാവർക്കും പരമാത്മാവിന്റെ സത്യപരിചയം നൽകണം.

**ഗീതം:–** ബാല്യകാല ദിനങ്ങൾ മറക്കരുത്. . . .

**ഓം ശാന്തി**. പരിധിയില്ലാത്ത അച്ഛൻ കുട്ടികൾക്ക് ഈ ശിക്ഷണം അഥവാ മുന്നറിയിപ്പു നൽകിയിട്ടുണ്ട് രാമന്റേതായിട്ടുണ്ടെങ്കിൽ ഈ കുട്ടിക്കാലം അഥവാ ഈശ്വരീയ ബാല്യത്തെ മറക്കരുത്. രാമന്റെ കുട്ടിക്കാലത്തിൽ നിന്ന് വിട്ട് രാവണന്റെ വശത്തേക്ക് പോകരുത്. എങ്കിൽ പിന്നീട് വളരെ–വളരെ പശ്ചാതപിക്കേണ്ടി വരും. ഇതും മനസ്സിലാക്കി തന്നിട്ടുണ്ട് അതായത് മഹാ മഹാ വിഡ്ഢികളെ കാണണമെങ്കിൽ ഇവിടെ നോക്കൂ, ആരാണോ പഠിത്തം ഉപേക്ഷിക്കുന്നത്. അപ്പോൾ അവരുടെ ഗതിയെന്താകുമെന്ന് നിങ്ങൾക്ക് മനസ്സിലാക്കാൻ സാധിക്കും. ഇവിടുത്തെ മഹാരഥിയാണ് ആന, അതിനെ മുതലയാകുന്ന മായ വിഴുങ്ങുന്നു. ഇത് ബാബ സന്മുഖത്തിരുന്ന് മനസ്സിലാക്കി തരുന്നു – മധുര–മധുരമായ കുട്ടികളേ മായ വളരെ സമർത്ഥനാണ്. എവിടെയും ബാബയുടെ കൈ ഉപേക്ഷിക്കരുത്. ഇതാണ് പരമപിതാവ് എല്ലാത്തിനും ഉപരി കഴിയുന്ന പിതാവ്, പതിത–പാവനൻ. ഇങ്ങനെയുള്ള ബാബയുടെ കൈ ഒരിക്കലും ഉപേക്ഷിക്കരുത്. അല്ലെങ്കിൽ വളരെ കരയേണ്ടി വരും. ബാബ വലിയ–വലിയ *ടൈറ്റിലുകൾ* നൽകുന്ന വളരെ നല്ല–നല്ല കുട്ടികൾ, അവർ പോലും കൈ ഉപേക്ഷിക്കുന്നു. ബാബ ചിലരെ കൂടുതൽ സ്നേഹിക്കുന്നു അതായത് ഇവർ എവിടെയും വീണ് പോകരുത്. ഗീതവും പാടിയിട്ടുണ്ട്. മായ നിങ്ങളെ വലിച്ച് കൊണ്ട് പോകരുത് പിന്നീട് വളരെ പശ്ചാതപിക്കേണ്ടി വരും. വാസ്തവത്തിൽ മായയിൽ വിജയിക്കുന്ന നിങ്ങളുടേതാണ് സത്യം–സത്യമായ യുദ്ധം.

ഇപ്പോൾ നിങ്ങൾ അശുദ്ധത്തിൽ നിന്ന് വിശുദ്ധമായിക്കൊണ്ടിരിക്കുന്നു. പതിത സ്ഥാനത്തെ നിങ്ങൾ പാവന സ്ഥാനമാക്കുന്നു. വിശുദ്ധ സ്ഥാനം ഇവിടെയില്ല. ഈ സമയം മുഴുവൻ ലോകവും അവിശുദ്ധ സ്ഥാനമാണ്. പാവനമായത് ദേവീ–ദേവതകളാണ്. നിങ്ങൾ അവിശുദ്ധ(പതിത) ഭാരതത്തെ പാവനമാക്കി കൊണ്ടിരിക്കുന്നു. ഈ പ്രദർശിനിയെല്ലാം ചെയ്യുന്നത് അശുദ്ധമായതിനെ വിശുദ്ധമാക്കുന്നതിനാണ്. നിങ്ങൾ ഭാരതത്തിന്റെ സത്യമായ സേവനമല്ലേ ചെയ്യുന്നത്. അതെ, വിഘ്നങ്ങളെയും ഇല്ലാതാക്കേണ്ടതായുണ്ട്. ഇതിൽ നിരാശരാകുകയോ തണുത്ത് പോകുകയോ ചെയ്യരുത്. ഏതവസ്ഥയിലും പതിതരെ പാവനമാക്കുന്നതിനുള്ള സേവനം തീർച്ചയായും ചെയ്യണം. നിങ്ങളുടെ ജോലി തന്നെ ഇതാണ് മറ്റ് കാര്യങ്ങളുമായി നിങ്ങൾക്ക് ബന്ധമൊന്നും തന്നെയില്ല. ഞാൻ എത്ര പേരെ പതിതത്തിൽ നിന്ന് പാവനമാക്കിയെന്ന് നോക്കണം. ഈ ഭാരതം സ്വർഗ്ഗമായിരുന്നു, പാവന ലോകമായിരുന്നു. ഈ സമയം പതിതത്തിന്റെയും പാവനത്തിന്റെയും ജ്ഞാനം ആർക്കും തന്നെയില്ല. പുതിയ ലോകം തന്നെയാണ് വിശുദ്ധ സ്ഥാനം, പിന്നീട് പഴയതാകുന്നതിലൂടെ അവിശുദ്ധം, പതിതം, തമോപ്രധാനമാകുന്നു.

ആത്മീയ അച്ഛൻ സന്മുഖത്തിരുന്ന് ആത്മീയ കുട്ടികൾക്ക് മനസ്സിലാക്കി തരുന്നു. തീർത്തും നമ്മൾ പവിത്രമായ സ്ഥാനം സ്ഥാപിച്ചുകൊണ്ടിരിക്കുകയാണെന്ന് ഇപ്പോൾ നിങ്ങളുടെ ബുദ്ധിയിലുണ്ട്. പവിത്രമായ സ്ഥാനം ഭാരതമായിരുന്നു, ഇപ്പോൾ അപവിത്ര സ്ഥാനമായിരിക്കുന്നു. പുതിയ കെട്ടിടം പിന്നീട് തീർച്ചയായും

പഴയതാകും. ഈ അറിവ് പുതിയ ലോകത്തിൽ ഉണ്ടായിരിക്കില്ല. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് വിവേകം ലഭിച്ചിരിക്കുന്നു. അവർ ലക്ഷം വർഷങ്ങളെന്ന് പറയുന്നുണ്ട് എത്രയായാലും അവസാനം പഴയത് തന്നെയാകില്ലേ. പഴയതെന്ന പേര് തന്നെ കലിയുഗത്തിന്റേതാണ്. നവയുഗത്തേയും പഴയ യുഗത്തെയും കേവലം നിങ്ങൾ മാത്രമാണ് അറിയുന്നത്. ഇപ്പോൾ നവയുഗം വന്നുകൊണ്ടിരിക്കുന്നു. നമ്മൾ വീണ്ടും പവിത്രമായി സ്വരാജ്യം നേടുന്നതിന് വേണ്ടി ഈ ജ്ഞാനം ബാബയിലൂടെ നേടിക്കൊണ്ടിരിക്കുന്നു. എന്താ വിദ്യാർത്ഥിക്ക് എപ്പോഴെങ്കിലും പഠിത്തത്തെയും *ടീച്ചറെയും* മറക്കാൻ സാധിക്കുമോ? നിങ്ങളും വിദ്യാർത്ഥിയാണ്, ഗൃഹസ്ഥ വ്യവഹാരത്തിൽ കഴിഞ്ഞുകൊണ്ടും നമ്മൾ പഠിച്ചുകൊണ്ടിരിക്കുകയാണെന്ന ഓർമ്മ ഉണ്ടായിരിക്കണം. ഈ പഠിത്തത്തിൽ വളരെയധികം സമയമെടുക്കുന്നു. ഇടയിൽ ചിലർ വീണ് പോകുന്നു. പരാജയപ്പെടുത്തുന്നു. വായിലൂടെ പറയുന്നു, എഴുതുന്നുമുണ്ട് ശിവബാബ *കെയർ ഓഫ്* ബ്രഹ്മാ. ബാബയ്ക്ക് വളരെ സ്നേഹത്തോടെ കത്തെഴുതുന്നു, ഞങ്ങൾ ജീവാത്മാവ് പരമാത്മാവിന് കത്തെഴുതുന്നു. അവർ വിളിച്ചുകൊണ്ടിരിക്കുന്നു അല്ലയോ പരമാത്മാവേ രക്ഷിക്കൂ, ശാന്തി നൽകൂ. അച്ഛനല്ലാതെ ആർക്കും ശാന്തി നൽകാനാവില്ല. ബാബയ്ക്കു വരിക തന്നെ വേണം. ഭക്തരുടെ രക്ഷകനെന്നും പാടിയിട്ടുണ്ട്. ജീവിതമുക്തി നൽകൂ, ശാന്തി നൽകൂ, മുക്തമാക്കൂ, ഞങ്ങൾ ജീവിച്ചിരിക്കെ മുക്തമാകണം. അങ്ങനെ ഉണ്ടായിരിക്കുക സത്യയുഗത്തിലാണ്. ഇവിടെ ജീവിതബന്ധനമാണ്. നിങ്ങൾ ഈ കാര്യങ്ങളെ നല്ല രീതിയിൽ മനസ്സിലാക്കുന്നുണ്ട്. സ്വയം ബാബ മനസ്സിലാക്കി തന്നുകൊണ്ടിരിക്കുന്നു, മറ്റാരുടെയും ബുദ്ധിയിൽ *ഡ്രാമയുടെ* രഹസ്യമില്ല. മൂന്ന് കാലങ്ങളെയും, ആദി- മദ്ധ്യ-അന്ത്യത്തെയും മറ്റാരും അറിയുന്നില്ല. നിങ്ങൾ എല്ലാം അറിയുന്നുണ്ട് എന്നാൽ സാധാരണമാണ്, ഗുപ്തമാണ്, അവർ വിദേശത്ത് പോയി ഭൗതീക അഭ്യാസങ്ങളാണ് ചെയ്യുന്നത്, പഠിക്കുന്നത്. നിങ്ങളുടെ അഭ്യാസം ആത്മീയമാണ്. ആർക്കുമറിയില്ല ഇത് ഏതെങ്കിലും യുദ്ധം ചെയ്യുന്ന യോദ്ധാക്കളാണെന്ന്. മഹാഭാരത യുദ്ധം കാണിക്കുന്നുണ്ട്, അതെങ്ങനെയാണ് ഉണ്ടായത്? മഹാഭാരത യുദ്ധം ഭഗവാനാണ് ചെയ്യിപ്പിച്ചതെന്ന് പറയുന്നു. ഭഗവാൻ എങ്ങനെയാണ് ഹിംസാത്മക യുദ്ധം ചെയ്യിക്കുക. ഭഗവാൻ യുദ്ധം ചെയ്യിപ്പിച്ചിട്ടുണ്ട്, രാവണനിൽ വിജയിക്കുന്നതിന്റെ. മനസ്സിലാക്കി തരുന്നു നിങ്ങൾ 16 കലാ സമ്പൂർണ്ണരായിരുന്നു. നിങ്ങൾ മൂലവതനത്തിൽ നിന്ന് അശരീരിയായി വന്നു പിന്നീട് ഇവിടെ വസ്ത്രം ധാരണ ചെയ്ത് ആദ്യം സത്യയുഗത്തിൽ രാജ്യം ഭരിച്ചു. ഓർമ്മ വരുന്നില്ലേ? പറയുന്നുമുണ്ട് ബാബാ, ഞങ്ങൾ തീർത്തും ദൈവീക രാജ്യത്തിന്റെ അധികാരികളായിരുന്നു എന്ന സ്മൃതി ഇപ്പോൾ വന്നിരിക്കുന്നു. പിന്നീട് ഞങ്ങളെ പരാജയപ്പെടുത്തി. ഇപ്പോൾ ഞങ്ങൾ യുദ്ധത്തിന്റെ മൈതാനത്തിൽ നിൽക്കുന്നു. തീർച്ചയായും മായയിൽ വിജയിക്കും. കാമചിതയിൽ ഇരിക്കുന്നതിലൂടെയാണ് മനുഷ്യരുടെ മുഖം കറുക്കുന്നത്. കറുപ്പെന്ന് വാക്ക് കടുത്തതാണ് അതുകൊണ്ടാണ് ശ്യാമമെന്ന് പറയുന്നത്. കൃഷ്ണനും നാരായണനും ശ്യാമ നിറം നൽകാറുണ്ട്, അവരിങ്ങനെയായിരിക്കില്ല. മനുഷ്യരാണ് കറുപ്പും വെളുപ്പും ഉണ്ടായിരിക്കുന്നത്. ഇരുമ്പ് യുഗികളെ ശ്യാമരെന്ന് പറയും. ലൗകിക അച്ഛനും പറയും നിങ്ങൾ മുഖം കറുപ്പിച്ച് കുലത്തിന് കളങ്കം വരുത്തിയിരിക്കുന്നു. പരിധിയില്ലാത്ത അച്ഛനും പറയുന്നു നിങ്ങൾ ആസുരീയ മതത്തിലൂടെ നടന്ന് ദൈവീക കുലത്തെ കളങ്കിതമാക്കി, അതുകൊണ്ടാണ് നിങ്ങൾ കറുത്ത് പോയിരിക്കുന്നത്. പൂർണ്ണമായും കറുക്കുന്നതിൽ അരകൽപമെടുക്കുന്നു വെളുക്കുന്നതിന് *സെക്കന്റും*. കുട്ടികൾക്ക് *ഡ്രാമയുടെ* ആദി-മദ്ധ്യ-അന്ത്യത്തിന്റെ സ്മൃതി വന്നിരിക്കുന്നു മറ്റുള്ളവർക്ക് സ്മൃതി വരിക സാധ്യമല്ല. വിസ്മൃതി സംഭവിച്ചതും നിങ്ങൾക്കാണ്, സ്മൃതി വരുന്നതും നിങ്ങൾക്കാണ്. നിങ്ങൾ ദൈവീക രാജസ്ഥാന്റെ അധികാരികളായിരുന്നു. ഇവിടെ ധാരാളം രാജക്കൻമാരുണ്ടായിരുന്നു, അതുകൊണ്ടാണ് രാജസ്ഥാനെന്ന് പേര് വച്ചിരിക്കുന്നത്. ഇപ്പോൾ ഇത് പഞ്ചായത്ത് രാജ്യമാണ്. ഇപ്പോൾ നിങ്ങൾ മഹാരാജാവും മഹാറാണിയുമാകുന്നതിന് പുരുഷാർത്ഥം ചെയ്തുകൊണ്ടിരിക്കുന്നു. *ഡ്രാമാ പ്ലാൻ* അനുസരിച്ച് ഇങ്ങനെ തന്നെയാണ് സംഭവിച്ചിരുന്നത്. സ്വർഗ്ഗം ചക്രം കറങ്ങി നരകമാകുന്നു. ഇപ്പോൾ നിങ്ങൾ പതിതത്തിൽ നിന്ന് പാവന സ്ഥാനത്തേക്ക് പോയി രാജ്യം ഭരിക്കുന്നതിനുള്ള പുരുഷാർത്ഥം ചെയ്തുകൊണ്ടിരിക്കുന്നു. നിങ്ങളുടെ പഠിത്തം സരളമാണ്. അള്ളാഹുവിനെയും സമ്പത്തിനെയും ഓർമ്മിക്കണം. ബാബ പറയുന്നു എന്നെ മാത്രം ഓർമ്മിക്കുകയാണെങ്കിൽ നിങ്ങളുടെ വികർമ്മം വിനാശമാകും. രാജപദത്തെ ഓർമ്മിക്കുകയാണെങ്കിൽ രാജപദവി ലഭിക്കും. ആ ആൾക്കാർ പറയുന്നു, പറയൂ ഞാൻ പോത്താണ്, പോത്താണ്.... ഈ കാര്യം സത്യമല്ല. ആത്മാവായ നിങ്ങൾ പറയുന്നു ഞാൻ വിഷ്ണുവാകും, എങ്ങനെയാണ് ആകുന്നത്? പറയുന്നു എന്നെയും വിഷ്ണുപുരി രാജധാനിയെയും ഓർമ്മിക്കൂ. പ്രവർത്തീ മാർഗ്ഗമായത് കാരണത്താലാണ് വിഷ്ണുവിന്റെ പേര് പറയുന്നത്. അവിടെയും ലക്ഷ്മീ- നാരായണന്റെ സിംഹാസനത്തിന് പിറകിൽ വിഷ്ണുവിന്റെ ചിത്രം അടയാളമായി ഉണ്ടായിരിക്കും. ചിത്രങ്ങളിലും ഇങ്ങനെയിങ്ങനെ ഉണ്ടാക്കുന്നുണ്ട്. ബാബ രഹസ്യം മനസ്സിലാക്കി തന്നിട്ടുണ്ട് - അവിടെയും ഇങ്ങനെയിങ്ങനെയുള്ള സമ്പ്രദായങ്ങളുണ്ട് പിന്നീട് ആ ലക്ഷ്മീ-നാരായണൻ ചക്രം കറങ്ങി ബ്രഹ്മാ സരസ്വതി അഥവാ ജഗത് പിതാവും, ജഗദംബയുമാകുന്നു. ബ്രഹ്മാവിനെ *ഗ്രേറ്റ്-ഗ്രേറ്റ് ഗ്രാന്റ് ഫാദറെന്ന്*

പറയുന്നു. ശിവനെ *ഫാദറെന്നാണ്* പറയുന്നത്. എല്ലാ ആത്മാക്കളും സഹോദരങ്ങളാണ്. *ഗ്രേറ്റ്-ഗ്രേറ്റ് ഗ്രാന്റ് ഫാദറാകുന്നത്* മനുഷ്യനാണ്. അതുകൊണ്ട് ഇപ്പോൾ ദേഹ-അഭിമാനം ഇല്ലാതാക്കി ആത്മ-അഭിമാനിയാകണം. പരമാത്മാ പിതാവാണ് ആത്മ-അഭിമാനിയാക്കുന്നത്. ഇവിടെ നിങ്ങൾക്ക് *ഡബിൾ ലൈറ്റുണ്ട്*, ജ്ഞാനമുണ്ട്. ആത്മ-അഭിമാനിയാകുന്നു ഒപ്പം ബാബയെയും ഓർമ്മിക്കുന്നു എന്തുകൊണ്ടെന്നാൽ സമ്പത്തെടുക്കണം. ദേവതകൾ പൂർവ്വ ജന്മത്തിൽ പുരുഷാർത്ഥം ചെയ്ത് ബാബയിൽ നിന്ന് സമ്പത്തെടുത്തിട്ടുണ്ട്. അവർക്ക് ഓർമ്മിക്കേണ്ടതിന്റെ ആവശ്യമില്ല. കുട്ടികൾക്ക് പുതിയ-പുതിയ *പോയന്റുകൾ* ധാരണ ചെയ്യണം. ധാരാളം യുക്തികൾ ലഭിച്ചുകൊണ്ടിരിക്കുന്നുണ്ട്. ഏറ്റവും ആദ്യം ബുദ്ധിയിൽ ഈ കാര്യം ഉറപ്പിക്കൂ, ഏറ്റവും ഉയർന്ന സ്ഥാനമേതാണ്? നിർവ്വാണധാമം. നമ്മൾ ആത്മാക്കൾ നിർവ്വാണധാമത്തെ നിവാസികളാണ്. പരംപിതാ പരമാത്മാവാണ് ഉയർന്നതിലും ഉയർന്നത്. ഉയർന്നതിലും ഉയർന്ന സ്ഥാനവും ആ പരമാത്മാവിന്റേതാണ്. ഉയർന്നതിലും ഉയർന്ന നാമവും ഉയർന്നതിലും ഉയർന്നതെന്ന മഹിമയും ബാബയുടേതാണ്. ആ ബാബ വന്നതും ഭാരതത്തിലാണ്, അതുകൊണ്ടല്ലേ ഇവിടെ ഓർമ്മചിഹ്നം ഉണ്ടാക്കിയിരിക്കുന്നത്. ഏതൊന്നിനാണോ പേരും രൂപവും ഇല്ലാത്തത് അങ്ങനെയൊരു വസ്തു പൂജിക്കുന്നതിനായി എവിടെ നിന്ന് വരും. അപ്പോൾ ഇതും തെറ്റല്ലേ. പരമാത്മാവിനെ നാമ രൂപത്തിൽ നിന്ന് വേറിട്ടതെന്ന് പറയുക, ഇത് അജ്ഞാനമായി. ശിവരാത്രിയും ഭാരതത്തിലാണ് ആഘോഷിക്കുന്നത്. ഭാരതം തന്നെയാണ് പ്രാചീന സത്യയുഗമായിരുന്നത്, ഇപ്പോഴല്ല. അപ്പോൾ തീർച്ചയായും ബാബ തന്നെയായിരിക്കും സത്യയുഗത്തിന്റെ സ്ഥാപന ചെയ്തിട്ടുണ്ടായിരിക്കുക. പിന്നീട് ദുഃഖം നൽകുന്നത് ആരാണ്? എപ്പോൾ മുതലാണ് ആരംഭിക്കുന്നത്? ഇതാർക്കും അറിയില്ല. ബാബയിരുന്ന് മനസ്സിലാക്കി തരുന്നു. ഇപ്പോൾ വീണ്ടും ആ 21 കുലത്തിന്റെ സമ്പത്ത് നിങ്ങൾക്ക് നൽകുന്നതിനായി വന്നിരിക്കുന്നു. നിങ്ങൾ കൽപ-കൽപം ഈ പുരുഷാർത്ഥം ചെയ്തിട്ടുണ്ട്. പരിധിയില്ലാത്ത സുഖത്തിന്റെ സമ്പത്ത്, പരിധിയില്ലാത്ത ബാബയിൽ നിന്ന് നേടിയിട്ടുണ്ട്, ഇപ്പോൾ ഇത് അന്തിമ സമയമാണെങ്കിൽ എന്തുകൊണ്ട് പവിത്രമായി ഭാവിയിലേക്കായി പൂർണ്ണമായ സമ്പത്ത് എടുത്തു കൂടാ. ഭക്തർ ഭഗവാനെ ഓർമ്മിക്കുന്നുണ്ടെങ്കിൽ തീർച്ചയായും സമ്പത്ത് നേടുന്നതിന് വേണ്ടിയാണ്. ഭഗവാൻ തന്നെയാണ് പതിത-പാവനൻ, സദഗതി ദാതാവ്. നരനിൽ നിന്ന് നാരായണനാക്കുവർ, മറ്റാർക്കും തന്നെ അങ്ങനെയാക്കാൻ സാധിക്കില്ല. സത്യയുഗത്തിൽ പെട്ടെന്ന് ലക്ഷ്മീ നാരായമന്റെ രാജ്യം ആരംഭിക്കുമ്പോൾ തീർച്ചയായും പറയാൻ സാധിക്കും മുൻപത്തെ ജന്മത്തിൽ ഇവർ പുരുഷാർത്ഥം ചെയ്തിട്ടുണ്ട് അതുകൊണ്ടാണ് ബാബയിപ്പോൾ ഭാവിയിൽ ഇങ്ങനെയുള്ള പദവി നേടുന്നതിനായി നിങ്ങളെക്കൊണ്ട് പുരുഷാർത്ഥം ചെയ്യിപ്പിച്ചുകൊണ്ടിരിക്കുന്നത്. പതിത ലോകത്തിന്റെ അന്തിമത്തിൽ തന്നെയല്ലേ വന്ന് പാവനമാക്കുക. അതാണ് നിർവ്വികാരീ ലോകം. പിന്നീട് കലകൾ കുറഞ്ഞുകൊണ്ടിരിക്കുന്നു. ഇപ്പോൾ വികാരീ ലോകമാണ്. ബാബ പറയുന്നു ഈ 5 വികാരങ്ങളുടെ ദാനം നൽകൂ ഒപ്പം പവിത്രമാകൂ. ഓർമ്മിക്കുകയും ചെയ്യൂ പവിത്രവുമാകൂ. *ബീ ഹോളീ, ബീ രാജയോഗി.* ഗൃഹസ്ഥ വ്യവഹാരത്തിൽ കഴിഞ്ഞുകൊണ്ടും ഒരു ശിവബാബയെ ഓർമ്മിക്കൂ എപ്പോഴെങ്കിലും മറ്റാരെയെങ്കിലും ഓർമ്മിക്കുകയാണെങ്കിൽ വ്യഭിചാരിയാകും. ഭക്തി മാർഗ്ഗത്തിൽ ഗൃഹസ്ഥ വ്യവഹാരത്തിൽ കഴിഞ്ഞുകൊണ്ടും ഇടക്ക് ഒരാളെ ഇടക്ക് മറ്റൊരാളെയാണ് ഓർമ്മിക്കുന്നത്. അപ്പോൾ അത് വ്യഭിചാരി ഓർമ്മയാകുന്നു പിന്നീടവർക്ക് പവിത്രമായി കഴിയാനും സാധിക്കില്ല അതുകൊണ്ട് ബാബ പറയുന്നു ഗൃഹസ്ഥ വ്യവഹാരത്തിൽ കഴിഞ്ഞുകൊണ്ടും പിതാവായ എന്നെ ഒരാളെ ഓർമ്മിക്കൂ. ഈ അന്തിമ ജന്മത്തിൽ എന്റെ പേരിൽ കമലപുഷ്പ സമാനം പവിത്രമായി കേവലം എന്നെ ഓർമ്മിച്ചുകൊണ്ടിരിക്കൂ. ഒരു ജന്മം എന്റെ സഹായിയാകൂ, ആര് സഹായിക്കുന്നോ അവർ ഫലം നേടുന്നു. നിങ്ങൾ ഈശ്വരീയ സഹായികളായിരിക്കുന്നു. ബാബ സ്വയം ഭാരതത്തിന്റെ സഹായം ചെയ്യുകയല്ലേ. ബാബ പറയുന്നു കുട്ടികളേ നിങ്ങൾക്ക് യോഗ്യരാകണം. ഗുണവും തീർച്ചയായും വേണം. പിന്നീട് 21 ജന്മം ദേവതയായി രാജ്യം ഭരിക്കും. ബാബ മനസ്സിലാക്കി തന്നിട്ടുണ്ട് കൃഷ്ണന്റെ ചിത്രം വളരെ നല്ലതാണ്. നരകത്തെ തട്ടിത്തെറിപ്പിക്കുന്നു, കൈയിൽ സ്വർഗ്ഗവുമുണ്ട്. ഭാരതത്തിൽ തന്നെയാണ് ഈ നിയമമുള്ളത്. ആരെങ്കിലും മരിക്കുകയാണെങ്കിൽ മുഖം പട്ടണത്തിന്റെ വശത്തേക്കും, പാദം ശ്മശാനത്തിന്റെ വശത്തേക്കും വയ്ക്കുന്നു. പിന്നീട് എപ്പോഴാണോ ശ്മശാനത്തിന് സമീപമെത്തുന്നത് അപ്പോൾ മുഖം തിരിച്ച് ശ്മശാനത്തിന്റെ വശത്തേക്കാക്കുന്നു. ഇപ്പോൾ നിങ്ങൾ ജീവിച്ചിരിക്കെ പോകുന്നതിനായി തയ്യാറെടുത്തുകൊണ്ടിരിക്കുന്നു അതുകൊണ്ട് നിങ്ങളുടെ മുഖം പുതിയ ലോകത്തിലേക്കായിരിക്കണം. ശാന്തിധാമം വഴി സുഖധാമത്തിലേക്ക് പോകണം. ഇത് പരിധിയില്ലാത്ത കാര്യമാണ്. പഴയ ലോകത്തെ തട്ടിത്തെറിപ്പിച്ചുകൊണ്ടിരിക്കുകയാണ്, പുതിയ ലോകത്തിലേക്ക് പൊയ്ക്കൊണ്ടിരിക്കുകയാണ് അതുകൊണ്ട് ദുഃഖധാമത്തെ മറക്കേണ്ടതായുണ്ട്. സുഖധാമത്തെയും ശാന്തിധാമത്തെയും ഓർമ്മിക്കണം. ദുഃഖധാമത്തിലാണ് നിങ്ങൾ കഴിയുന്നതെങ്കിലും ഓർമ്മിക്കുന്നത് സുഖധാമത്തെയായിരിക്കണം. അവ്യഭിചാരിയായ യോഗം ആവശ്യമാണ്, ഒരു ബാബ രണ്ടാമത് മറ്റൊരാളില്ല. ജ്ഞാനം വളരെ നന്നായി

ലഭിക്കുന്നുണ്ട്. അർജുനൻ വളരെയധികം ശാസ്ത്രങ്ങൾ പഠിച്ചിട്ടുണ്ടായിരുന്നു, അപ്പോൾ അദ്ദേഹത്തോട് പറഞ്ഞു അതെല്ലാം മറക്കൂ പഠിപ്പിച്ചവരെയും മറക്കൂ. ബാബയും അതുതന്നെയാണ് പറയുന്നത്. ഇതുവരെയ്ക്കും എന്തെല്ലാം കേട്ടിട്ടുണ്ടോ എല്ലാം മറക്കൂ. ഞാൻ നിങ്ങൾക്ക് എല്ലാ ശാസ്ത്രങ്ങളുടെയും സാരമാണ് മനസ്സിലാക്കി തരുന്നത്. സത്യഖണ്ഢത്തിന്റെ അധികാരിയാക്കുന്നു. അവർ നിങ്ങളെ അസത്യഖണ്ഢത്തിന്റെ അധികാരിയാണാക്കുന്നത്. ബാബ പറയുന്നു നിർണ്ണയിക്കൂ ഞാനാണോ ശരി അതോ നിങ്ങളുടെ ആ അമ്മാവനും, ചെറിയച്ഛനും, ശാസ്ത്രവാദികളുമാണോ ശരി? അത് പരിധിയുള്ള യുദ്ധമാണ്, നിങ്ങളുടേത് പരിധിയില്ലാത്തതാണ്. ഇതിലൂടെ നിങ്ങൾ പരിധിയില്ലാത്ത രാജധാനി പ്രാപ്തമാക്കുന്നു. ബാബ പറയുന്നു ഈ വികാരമിപ്പോൾ ദാനമായി നൽകൂ. ഇപ്പോൾ പുരുഷാർത്ഥം ചെയ്യുന്നില്ലെങ്കിൽ വളരെ-വളരെ പശ്ചാതപിക്കും അതുകൊണ്ട് അശ്രദ്ധ കളയൂ, സേവനത്തിൽ ഏർപ്പെടൂ, മംഗളകാരിയാകൂ. ഈ കലിയുഗത്തിൽ മഹാൻ ദുഃഖമാണുള്ളത്. ഇനിയാണെങ്കിൽ ശരിക്കും ദുഃഖത്തിന്റെ പർവ്വതം തന്നെ വീഴുവാൻ പോകുകയാണ് പിന്നീട് സത്യയുഗത്തിൽ സ്വർണ്ണത്തിന്റെ പർവ്വതവും ഉയരും. ശരി!

വളരെക്കാലത്തെ വേർപാടിന് ശേഷം കളഞ്ഞ് പോയി തിരികെ കിട്ടിയ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണയും പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണക്കുള്ള മുഖ്യമായ സാരം -

1) അല്ലാഹുവിനെയും സമ്പത്തിനെയും ഓർമ്മിക്കുന്നതിന്റെ ലളിതമായ പഠിത്തം പഠിക്കണം പഠിപ്പിക്കണം. അവ്യഭിചാരി ഓർമ്മയിൽ കഴിയണം. ഈ അസത്യഖണ്ഢത്തെ ബുദ്ധിയിൽ നിന്ന് മറക്കണം.

2) ഈശ്വരീയ സഹായിയായി ഭാരതത്തെ അവിശുദ്ധത്തിൽ നിന്ന് വിശുദ്ധമാക്കുന്നതിന്റെ സേവനം ചെയ്യണം. ബാബയുടെ പരിപൂർണ്ണ സഹായിയാകണം.

## വരദാനം - ഓരോ നിമിഷത്തെയും അന്തിമനിമിഷമെന്നു മനസിലാക്കി സദാ തയ്യാറാ യിരിക്കുന്ന തീവ്രപുരുഷാർഥിയായി ഭവിക്കൂ

ഏതു കുട്ടികളാണോ തീവ്രപുരുഷാർഥി അവർ ഓരോ നിമിഷത്തെയും അന്തിമനിമിഷമെന്നു മനസി ലാക്കി തയ്യാറായിരിക്കുന്നു. ഇങ്ങനെ ചിന്തിക്കുന്നില്ല, ഇപ്പോൾ വിനാശമാകാൻ കുറച്ചു സമയമെടുക്കും, പിന്നെ തയ്യാറാകാം. ആ അന്തിമനിമിഷത്തെ നോക്കുന്നതിനു പകരം ഇതു ചിന്തിക്കൂ, സ്വന്തം അന്തിമനി മിഷത്തെ ഒട്ടും വിശ്വസിക്കാനാവില്ല, അതിനാൽ സദാ തയ്യാർ സ്വന്തം സ്ഥിതി സദാ ഉപരാമം ആയിരിക്ക ട്ടെ. എല്ലാറ്റിൽ നിന്നും വേറിട്ട് ബാബയുടെ സ്നേഹി, നഷ്ടോമോഹ. സദാ നിർമോഹിയും നിർവികൽപവും നിർവ്യർഥവും. വ്യർഥവുമുണ്ടാകരുത് അപ്പോൾ പറയാം സദാ തയ്യാർ.

## സ്ലോഗൻ - ഭയങ്കര സമയത്ത് ബഹുമതിയോടെ പാസാകണമെങ്കിൽ ഉൾക്കൊള്ളാനുള്ള ശക്തിയെ വർധിപ്പിക്കൂ